പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 360 — 15.03.2017 ൽ മറുപടിക്ക്

## ഹരിത ക്ഷേത്രം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ്<br>,, കെ.വി.അബ്ദുൾ ഖാദർ<br>,, ഐ.ബി. സതീഷ്<br>,, എം. രാജഗോപാലൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ മന്ത്രി |
| (എ) ജലസ്രോതസ്സുകളുടെ സംരക്ഷണം ഉൾപ്പെടെയുള്ള ഭൂവികസനത്തിലും മാലിന്യ സംസ്കരണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് ദേവസ്വം ഭൂമി ഉപയോഗിച്ച് 'ഹരിത ക്ഷേത്രം പദ്ധതി' ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) ഹരിതക്ഷേത്രം പദ്ധതിക്ക് കൊച്ചിൻ ദേവസ്വം ബോർഡ് തുടക്കം കുറിച്ചിട്ടുണ്ട്. ജലസ്രോതസ്സ്, പരിസ്ഥിതി സംരംക്ഷണം, മാലിന്യ സംസ്കരണം തുടങ്ങിയ കാര്യങ്ങളിൽ ഊന്നൽ നൽകിയാണ് ബോർഡ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ക്ഷേത്രങ്ങളിലെ കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും നവീകരണത്തിലൂടെ ജല സംരക്ഷണത്തിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (ബി) ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളും, കുളങ്ങളും, ആൽത്തറകളും സംരംക്ഷിക്കുവാൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിലേയ്ക്കായി സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തി ധനസഹായം അനുവദിച്ച് വരുന്നു. |
| (സി) ദേവസ്വങ്ങൾക്ക് കീഴിലുള്ള എല്ലാ മേജർ ക്ഷേത്രങ്ങളിലും ആധുനിക സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; | (സി) കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ക്ഷേത്രത്തിൽ പ്രസ്തുത പ്ലാന്റ് നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രമായ ശ്രീ തിരുമാന്ധാംകുന്ന് ദേവസ്വം വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാൻറ് ദേവസ്വം ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുകയും പ്രവർത്തനക്ഷമ- |

മാക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി ശബരിമല സന്നിധാനത്തും പമ്പയിലും സ്വീവേജ് ട്രീറ്റ്മെന്റ്പ്ലാന്റുകൾ സ്ഥാപിക്കുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വംബോർഡിനു കീഴിലുള്ള മേജർ ക്ഷേത്രങ്ങളിൽ ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്.കൂടാതെ ഗുരുവായൂർ സ്വീവേജ് ട്രീറ്റ്മെന്റ്പ്ലാന്റ് പദ്ധതിയും നടപ്പാക്കിവരുന്നു.

(ഡി) ക്ഷേത്രങ്ങളിലെ പുരാതന എടുപ്പുകളുടെയും ചുമർ ചിത്രങ്ങളുടെയും നവീകരണത്തിനും സംരക്ഷണത്തിനുമായി ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ഒരു പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(ഡി) പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ